"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ മഞ്ചേരി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പി.സരോജിനി അമ്മ മഹിളാ സമാജം ഫാമിലി കാൺസിലിംഗ് സെന്ററിന് വാടക ഒഴിവാക്കി നൽകിയ മലപ്പുറം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2997/2024/RD തീയതി,തിരുവനന്തപുരം, 13-12-2024

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 16.11.2019 തീയതിയിലെ LR(M1) 35982/19 നമ്പർ കത്ത്.
2. 24.02.2020 തീയതിയിലെ എഫ്2/479/2019/റവ നമ്പർ സർക്കാർ കത്ത്.
3. മലപ്പുറം ജില്ലാ കളക്ടറുടെ 13.07.2020 തീയതിയിലെ DCMPM/5881 /2019-B1 നമ്പർ നടപടിക്രമം.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.08.2022 തീയതിയിലെ LR(M4) 9620/2022 നമ്പർ കത്ത്.

**ഉത്തരവ്**

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി 1955 മുതൽ പ്രവർത്തിക്കുന്ന പി.സരോജിനി അമ്മ മഹിളാ സമാജം ഫാമിലി കൗൺസിലിംഗ് സെന്റർ 01.11.2018 മുതൽ മലപ്പുറം ജില്ലയിലെ മഞ്ചേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് മാറ്റേണ്ടി വന്നു എന്നും ആ സ്ഥലത്തിന് വാടക ഒഴിവാക്കി തരണമെന്നും അപേക്ഷിച്ചുകൊണ്ടു പി.സരോജിനി അമ്മ മഹിളാ സമാജം പ്രസിഡന്റ് ബഹു.റവന്യൂ മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം സമർപ്പിയ്ക്കുകയുണ്ടായി. അതിന്മേലുള്ള റിപ്പോർട്ട് സമർപ്പിച്ച വേളയിൽ ടി സ്ഥാപനത്തിന് നിലവിലെ വാടക പ്രതിമാസം 2,121/- രൂപയാണ് എന്നും സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം എന്ന നിലയിൽ ടി സ്ഥാപനത്തിന് വാടക വാങ്ങാതെ സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കാൻ അനുമതി നൽകാമോയെന്ന സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 1-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി. പി.സരോജിനി അമ്മ മഹിള സമാജം ഫാമിലി കൗൺസിലിംഗ് സെൻറർ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുന്ന ഒരു സേവന സ്ഥാപനം എന്നത് പരിഗണിച്ചും മഞ്ചേരി മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് വാടക കുറവ് ചെയ്ത് നൽകുന്ന കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പരാമർശം 2-ലെ കത്ത് പ്രകാരം സർക്കാർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയുണ്ടായി.

2] എന്നാൽ മഞ്ചേരി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പി.സരോജിനി അമ്മ മഹിള

സമാജം ഫാമിലി കൗൺസിലിംഗ് സെൻററിന് വാടക ഒഴിവാക്കി നൽകിയാണ് പരാമർശം-3 പ്രകാരം ജില്ലാ കളക്ടർ നടപടി ക്രമം പുറപ്പെടുവിച്ചിട്ടുള്ളത് എന്നും പി സരോജിനി അമ്മ സ്മാരക മഹിളാസമാജം ഫാമിലി കാൺസിലിംഗ് സെന്ററിന് വാടക ഒഴിവാക്കി നൽകിയ നടപടി സാധുകരിക്കണമെന്ന് മലപ്പുറം ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം 4-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അപേക്ഷിച്ചു.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ നിർദ്ദേശം തെറ്റായി വ്യാഖ്യാനിച്ചാണ് വാടക ഒഴിവാക്കി നൽകിയത് എന്നതിനാലും മന:പൂർവ്വമായ വീഴ്ച വന്നതായി കാണാത്തതിനാലും മലപ്പുറം ജില്ലയിലെ മഞ്ചേരി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പി.സരോജിനി അമ്മ മഹിളാ സമാജം ഫാമിലി കാൺസിലിംഗ് സെന്ററിന് വാടക ഒഴിവാക്കി നൽകിയ മലപ്പുറം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാഹുൽ എ രാജ് കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23.11.2024-ലെ വ്യയം-ഡി 1/310/2024/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
സെക്ഷൻ ഓഫീസർ
Date: 13-12-2024 15:37:03